THE
# CHURCH WEEKLY

ചർച്ചുവീക്കിലി • ഒററപ്രതി 13 നഃ പൈസ

വാല്യം XI | 1957 ജൂലൈ 14 | ലക്കം 26

## എന്റെ ദമസ്ക്കോസ് സന്ദർശനം

(റവ. ഡോക്ടർ സി. ററി. ഈപ്പൻ)

അന്ത്യോഖ്യാ സുറിയാനി പാത്രിയർക്കീസിന്റെ ഇപ്പോഴത്തെ ആസ്ഥാനമായ ഹോംസിൽ ഏതാനും ദിവസങ്ങളിലെ താമസശേഷമാണു ഞാൻ സിറിയായുടെ തലസ്ഥാനവും അറബികൾ ഒരു പറുദീസായും ലോകത്തിലെ ആദ്യപട്ടണവുമായി വിചാരിക്കപ്പെടുന്ന ദമസ്ക്കോസിലെത്തിയതു്. ഉന്നതമായ കുന്നുകളാലും ഫലപുഷ്ടിയുള്ള മലഞ്ചരിവുകളാലും മുന്തിരിത്തോപ്പുകളാലും 'മഹാനായ ശ്ലോമോൻരാജാവു് ഇതിലൊന്നിനെക്കാൾ അലങ്കരിക്കപ്പെട്ടിരുന്നില്ല' എന്നു ക്രിസ്തുദേവൻ സ്തുതിക്കപ്പെട്ട ലിലിപുഷ്പങ്ങളാലും അലംകൃതമാക്കപ്പെട്ട വഴികളിലൂടെ ആറു മണിക്കൂറിൽ കുറയാതെ ബസ്സ്യാത്ര ചെയ്താണു് ആ തലസ്ഥാനനഗരിയിലാഗതനായതു്.

ശൗലിന്റെ മാനസാന്തരസ്ഥലം എന്നുള്ള അപദാനത്താൽ ദമസ്ക്കോസ്, ക്രിസ്ത്യാനികൾക്കു് ഒരു പ്രധാന പട്ടണമായിരിക്കുന്നതുപോലെ മഹമ്മദീയർക്കും ഇതൊരു പുണ്യസ്ഥലമാണു്. മെക്കാ മഹമ്മദ്നബിയുടെ ജനനസ്ഥലവും മെഡീനാ ഒരു പ്രവർത്തനകേന്ദ്രവും യേറുശ്ലേം സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലവുമാണെങ്കിൽ ദമസ്ക്കോസ് ഒരു മഹമ്മദീയനു് സ്വർഗ്ഗീയപറുദീസായുടെ ഒരു ഭൗമികമാതൃകയുമാണു്. അണിമുറിയാത്ത വൃക്ഷനിരകളാലും മനോഹര പൂന്തോട്ടങ്ങളാലും അലംകൃതമാക്കപ്പെട്ട ദമസ്ക്കോസ് നബി ആദ്യം കണ്ടപ്പോൾ അവിടെ പ്രവേശിച്ചാൽ താൻ അത്യുൽക്കണ്ഠയോടെ കാണാൻ നോക്കിപ്പാർക്കുന്ന സ്വർഗ്ഗീയപറുദീസായുടെ പുതുമ നഷ്ടപ്പെട്ടുമെന്നു ശങ്കിച്ചിട്ടു് അവിടെ പ്രവേശിച്ചില്ല എന്നൊരൈതിഹ്യമുണ്ടു്.

ഫലശൂന്യമായ മണലാരണ്യത്തിൽ പാർത്തു പരിചയിച്ചിട്ടുള്ള അറബികൾക്കു് ദമസ്ക്കോസ് ഒരു സ്വർഗ്ഗം തന്നെയാണു്. സിറിയൻ മരുഭൂമിയുടെ വക്കത്തു സ്ഥിതിചെയ്യുന്ന ഈ പച്ചമേച്ചിൽസ്ഥലം മൂന്നു വശങ്ങളിലും മനോഹര പർവ്വതനിരകളാൽ ചുററപ്പെട്ടിരിക്കുന്നു. ലബാനോൻപർവതങ്ങളിൽനിന്നു പുറപ്പെടുന്ന പല നദികളും അതിനെ നനയ്ക്കുന്നുണ്ടു്. അക്കൂട്ടത്തിൽ പഴയ നിയമത്തിൽ രാജാക്കന്മാരുടെപുസ്തകത്തിൽ പറയപ്പെടുന്ന അബാനായും ഫർഫാറും ഉൾപ്പെടുന്നു. (2 രാജാ. 5: 12) ദമസ്ക്കോസിലെ ജനസംഖ്യ മൂന്നുലക്ഷമാണു്. ചുമട്ടുമൃഗങ്ങളുടെ നിരർഗ്ഗള ഗതാഗതത്താൽ ദമസ്ക്കോസിനെ ഒരു തുറമുഖപട്ടണത്തോടുപമിക്കാവുന്നതാണു്. മണലാരണ്യത്തിലെ കപ്പലുകളായ ഒട്ടകങ്ങൾ അതിന്റെ കോശസ്ഥിതിയുടെ വർദ്ധനവിനു വളരെ സഹായിച്ചിട്ടുണ്ടു്.

വി. പൗലൂസിനോടുള്ള ബന്ധം കൊണ്ടാണു് ക്രിസ്ത്യാനികൾക്കിതൊരു പുണ്യസ്ഥലമായി പരിണമിച്ചതെന്നു മുമ്പു പറഞ്ഞല്ലോ. വിശ്വാസികളെ പീഡിപ്പിക്കുന്നതിൽ അതീവതല്പരനായ ശൗൽ (പൗലൂസിന്റെ ആദ്യപേരു്) സ്തെപ്പാനോസിനെ കല്ലെറിഞ്ഞു നിഗ്രഹിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ, വടക്കുള്ള ക്രിസ്തുവിന്റെ അനുയായികളെയും അവശേഷിപ്പിക്കരുതെന്നുള്ള താല്പര്യത്തോടുകൂടെ പ്രധാനാചാര്യന്റെ എഴുത്തുകളോടുകൂടെ യേറുശ്ലേമിൽനിന്നു് ഉത്തരപ്രദേശങ്ങളിലേക്കു് പ്രയാണം ചെയ്യുന്ന വേളയിലാണു ദമസ്ക്കോസിനുസമീപംവച്ചു "ശൗലേ ശൗലേ, നീ എന്നെ പീഡിപ്പിക്കുന്നതെന്തിനു്" എന്നുള്ള അശരീരിവാക്കു കേൾക്കുകയും ശൗൽ ഇടിവെട്ടിയതുപോലെ സ്തബ്ധനായി നിലംപതിക്കുകയും ചെയ്തതു്. ഇതിനു ശേഷമാണു് പീഡനത്തിൽ ഔത്സുക്യംകൊണ്ട ശൗൽ ഒരുപിഞ്ചുബാലനെപ്പോലെ "കർത്താവേ, കല്പിച്ചാലും" എന്നുള്ള ആത്മസമർപ്പണത്തോടെ ഒരു ക്രിസ്തുഭക്തനാകുന്നതു്. ഒരു സാധാരണ ക്രിസ്തുഭക്തനാവുക മാത്രമല്ല, ആ തപോവര്യൻ ചെയ്തതു്. എത്രയും സജീവമായി ക്രിസ്തുവിനുവേണ്ടി പ്രവർത്തിച്ചു് ഒരു രക്തസാക്ഷിമരണം വരിച്ച അതുല്യ ക്രിസ്തുപ്രണയി ആകുകയത്രെചെയ്തതു്. സ്നേഹമൂർത്തിയും ത്യാഗിവര്യനുമായ ഈ നവഭക്തന്റെ പ്രവർത്തനഫലമായിട്ടാണു് യൂറോപ്പും റോമാസാമ്രാജ്യവും ക്രിസ്തുമതം അവലംബിച്ചതു്. ശൗലിനു ദിവ്യദർശനമുണ്ടായ സ്ഥലം ഇന്നും ദമസ്ക്കോസിന്റെ പ്രാന്തപ്രദേശത്തു കാണാവുന്നതാണു്. ആധുനികയൂറോപ്പിന്റെ ചരിത്രം സൃഷ്ടിച്ച ആളെന്നു ചരിത്രകാരന്മാർ മുക്തകണ്ഠം ഘോഷിക്കുന്ന പൗലൂസിനു് ആ ദിവ്യാനുഭവം ഉണ്ടായ സ്ഥലം കാണുന്ന ഏവനൊരുത്തനും വികാരഭരിതനാകാതിരിക്കുന്നതല്ല. വിശാലമായ പാശ്ചാത്യപരിഷ്ക്കാരത്തിന്റെ ബീജാവാപം ചെയ്തതു തനി പൗരസ്ത്യ നഗരമായ ദമസ്ക്കോസിൽനിന്നുമാണെന്നുള്ള ചിന്ത ആരെയാണു് രോമാ-

സ്ഥാപിക്കുന്നതിനുവേണ്ടി ചുരുക്കം ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. ഒന്നാമതായി ഓരോ രാജ്യക്കാരും അവരുടെ രാജ്യാതിർത്തികളിലല്ലാതെ വെളിയിൽ സൈനികശക്തി ഉപയോഗിക്കുവാൻ പാടില്ല എന്ന തത്വം സ്വീകരിക്കുക; കൂടിയാലോചനകൾവഴിയായി സമാധാനത്തിൽവേണം പ്രശ്നങ്ങൾ പരിഹരിക്കേണ്ടതു്.

അടുത്തതായി ലോകത്തിൽ എവിടെയും ക്ഷാമം, ഭൂകമ്പം മുതലായവയാൽ കഷ്ടപ്പെടുന്ന ആളുകളുടെ സഹായത്തിനായി സംഘടിതമായ പ്രവർത്തനം നടത്തുകയും ചില മാനുഷീകാവകാശതത്വങ്ങൾ ലോകത്തിലുള്ള എല്ലാ രാജ്യങ്ങൾക്കും ബാധകമാകത്തക്കവണ്ണം യു. എൻ. ഒ. മുഖാന്തിരം പാസാക്കിയെടുക്കുകയും അതിൻെറ പ്രയോജനം ലോകജനതയ്ക്കു് എല്ലാം ലഭിക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യുകയുംവേണം.

ഒരു രാജ്യത്തുനിന്നും മറെറാരു രാജ്യത്തേയ്ക്കു് യാത്രചെയ്യുന്നതിനു് ഇന്നുള്ള എല്ലാ പ്രതിബന്ധങ്ങളും സമ്പൂർണ്ണമായി പിൻവലിക്കുക. അതുപോലെതന്നെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും വ്യാപാരം അഭിവൃദ്ധിപ്പെടുത്തുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ഇപ്പോൾ രാഷ്ട്രങ്ങളുടെ മദ്ധ്യേ നിലവിലിരിക്കുന്ന ആയുധനിർമ്മാണമത്സരം അവസാനിപ്പിച്ചു് നിരായുധീകരണം തികച്ചും സാധിക്കുക.

രാജ്യങ്ങൾ തമ്മിലുള്ള വിവാദങ്ങൾക്കും അവകാശതർക്കങ്ങൾക്കും കൂടിയാലോചനകൾ മൂലം പരിഹാരമുണ്ടാക്കുവാൻ ഒരു രാജ്യാന്തരഘടനയെ നിശ്ചയിക്കുക. ഇതുപോലെ വേറെയും നിർദ്ദേശങ്ങൾ ഈ വിഷയത്തിലേയ്ക്കു് നൽകുവാൻ സാധിക്കും.

ഉപസംഹാരം

മുകളിൽപ്പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ ലോകത്തിൽ ഒരു പുതിയ സാർവ്വത്രിക ജനസമുദായം കെട്ടിപ്പടുക്കുവാൻ പര്യാപ്തമായിത്തീരുമെന്നാണു് എൻെറ അഭിപ്രായം. സ്നേഹത്തിൽനിന്നും സ്നേഹിക്കുവാൻ വേണ്ടിയാണു് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ഒരു സാർവ്വത്രിക സമുദായം കെട്ടിപ്പടുക്കുവാൻ മനുഷ്യൻ ശ്രമിക്കുന്നതിൻെറ കാരണവും ഇതുതന്നെയാണു്. സ്നേഹിക്കുകയാണു് അവൻെറ ചുമതല. സ്നേഹം എന്നു പറയുന്നതു് സഹവർത്തിത്വത്തെക്കാളും അക്രമരാഹിത്യത്തെക്കാളും ഉപരിയായതാണു്. സഹവർത്തിത്വം എന്നു പറയുന്നതു് കഷ്ടിച്ചു ശ്വാസംവിടുന്നതിനു മാത്രമുള്ള ഒരു അന്തരീക്ഷമായിരിക്കും. യഥാർത്ഥത്തിലുള്ള ലക്ഷ്യം ഒരു സാർവ്വലൌകിക സമുദായം എന്നുള്ളതായിരിക്കണം.

# വാർത്തകളും കുറിപ്പുകളും

(കെ. വി. മാമ്മൻ ബി. എ)

ക്രിസ്ത്യാനികൾ ഗവണ്മെൻറിനെ വിമർശിച്ചു വിധിയെഴുതുമ്പോൾ ഒരു സ്വയപരിശോധന നടത്തണമെന്നും അവർ സ്വാതന്ത്ര്യസമരകാലത്തു വേണ്ടപോലെ പൊരുതിയില്ലെന്നു സ്മരിക്കണമെന്നും ഈയിടെ ബാംഗ്ലൂരിൽവച്ചു് ഒരു ക്രിസ്ത്യാനികൂടിയായ കേന്ദ്രഡപ്യൂട്ടിആഭ്യന്തരവകുപ്പുമന്ത്രി മിസ്സസ്സ് വയലററ് ആൽവ പ്രസ്താവിക്കുകയുണ്ടായി. ദേശീയ സമരത്തിൽ ഒരു സമുദായവും സമുദായത്തിൻെറ അടിസ്ഥാനത്തിൽ പൊരുതിയില്ലെന്നും ന്യൂനപക്ഷമായ ക്രിസ്ത്യാനികൾ അവരുടെ എണ്ണത്തിനൊത്തവണ്ണം സമരം ചെയ്തിട്ടുണ്ടെന്നും ക്രിസ്ത്യാനികൾ ഗവണ്മെൻറിൻെറ നയപരിപാടികളെ അനുസരിക്കുന്നതിൽ വിമുഖരല്ലെന്നുമുള്ള യാഥാർത്ഥ്യങ്ങൾ മന്ത്രിണിയായപ്പോൾ മിസ്സസ്സ് വയലററ് ആൽവ മറന്നുപോയിരിക്കുന്നു. സഭയുടെ ഭരണം, ധനകാര്യം തുടങ്ങിയവയിൽ ക്രിസ്ത്യാനികൾ മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികളുമായി ഇണങ്ങിച്ചേരുന്നതിനു ശ്രമിച്ചുകൊണ്ടാണിരിക്കുന്നതു്. ക്രിസ്തീയാദർശങ്ങൾ അനുസരിച്ചുപോകുന്നപക്ഷം ഭാവി ആശങ്കാജനകമല്ലെന്നുള്ള മന്ത്രിണിയുടെ അഭിപ്രായത്തിനു പുതുമയുമില്ല. യേശുക്രിസ്തുവിനു മഹത്വമുണ്ടാകത്തക്കവിധം ക്രിസ്ത്യാനികൾ സ്വയപരിശോധന നടത്തുകയും രാഷ്ട്രത്തിൻെറ ജീവിതത്തിൽ സജീവമായി പങ്കെടുക്കുകയുമാണാവശ്യം.

## ക്രൈസ്തവരുടെ അലസത

കാററും കോളുംകൊണ്ടു് മറിയുന്ന കടലിലെ കപ്പലിലിരിക്കുന്നവർ തങ്ങൾക്കൊന്നും സംഭവിക്കുകയില്ലെന്നു പരിസരബോധമില്ലാതെ വിചാരിക്കുന്നതുപോലെയാണു് കേരളത്തിലെ ക്രിസ്ത്യാനികളുടെ നില. ആദ്ധ്യാത്മിക, രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യമണ്ഡലങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വൻപിച്ച പരിവർത്തനങ്ങളിൽ ക്രൈസ്തവർ സഭകളായി ഒട്ടും ഉണർന്നിട്ടില്ല. ദേശീയവികസനപദ്ധതികൾ ചെറുകിടവ്യവസായങ്ങൾ, സഹകരണസംഘങ്ങൾ യൂത്തുക്ലബ്ബുകൾ ഭവനനിർമ്മാണപദ്ധതി സാമൂഹ്യോന്നമനപദ്ധതികൾക്കുള്ള ഗ്രാൻറുകൾ, വിദ്യാഭ്യാസവേതനങ്ങൾ, ഫാമിലീ പ്ലാനിംഗ് തുടങ്ങിയ തുറകളിൽ വന്നിട്ടുള്ള നീക്കങ്ങളുടെ നേരെ ക്രൈസ്തവർ കണ്ണുമടച്ചിരിക്കുകയാണോ എന്നു തോന്നിപ്പോകുന്നു. ഇടവകകൾക്കു രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള സുവർണ്ണാവസരങ്ങൾ സുലഭമാണു്. മാർത്താണ്ഡം വൈ.എം.സി.എ—യെപോലെ, ഇടവകകൾക്കു് വിവിധങ്ങളായ ഗ്രാമോദ്ധാരണ പ്രവർത്തനങ്ങളും തൊഴിൽ സൗകര്യങ്ങളും മാറിയ പരിതസ്ഥിതിയിൽ അഭിവൃദ്ധിപ്പെടുത്താവുന്നതാണു്. ഉന്നതപടികൾവരെ ഉയരുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിലും മുൻകാലങ്ങളിലെപ്പോലെ പഠിച്ചവർക്കെല്ലാം ആകർഷകമായ ജോലി കിട്ടുമെന്നു ആരും വ്യാമോഹിക്കേണ്ടതില്ല. വിയർത്തുകൊണ്ടു അപ്പം ഭക്ഷിക്കാനൊരുങ്ങണമെന്നു ചുരുക്കം.

മതപീഡ ഉണ്ടായാലേ ക്രൈസ്തവർ ഉണരുകയുള്ളുവെങ്കിൽ അതിൻെറ ഭിത്തിയിലെഴുത്തു കണ്ടുതുടങ്ങിയിരിക്കുന്നു. കണ്ണുമടച്ചിരുന്നാൽ അതു കാണുകയില്ല. ആരാണു് വലിയവനെന്നു സ്ഥാപിക്കാൻ ഒരു കൂട്ടരും പരിശുദ്ധാത്മാവിൻെറ ആസ്ഥാനമെവിടെയാണെന്നു നിശ്ചയിക്കാൻ മറെറാരു കൂട്ടരും കോടതി മുഖേനയും ഇരുകൂട്ടരേയും ഇക്കാരണത്തിൻെറ മറവിൽ നിന്നു വീശാൻ മറെറാരു കൂട്ടർ ചതുരുപായങ്ങൾ മുഖേനയും ശ്രമിച്ചുകൊണ്ടിരുന്നാൽ കേരളത്തിലെ ക്രൈസ്തവർ വിലാപത്തിൻെറ കുരിശുതാഴ്‌വരയിലേക്കാണു പോകുന്നതെന്നു് അവിടെ എത്തിക്കഴിഞ്ഞേ അറിയുകയുള്ളു.

## സഭാസമാധാനം

ക്നാനായ ഇടവകയുടെ മെത്രാപ്പോലീത്തായായ ഏബ്രഹാം മാർ

.. എ
ം, സ്റ്റ
വളർ
പ്പ്ര
രവ
തു

കുട്ടികൾ
സഞ്ചരിച്ചാ
ാരായിത്തീരമെ
യുടെ അഭിപ്രായം.
്യാസചിന്തകൾ എന്ന പുതി
മലയാളംപുസ്തകം നിങ്ങൾ വായിക്കേണ്ടതാണെന്നു ബാബ കുട്ടികളെ ഉപദേശിച്ചു. ജീവപര്യന്തംബാലരായി കഴിഞ്ഞവർ ഭാഗ്യവാന്മാരാണെന്നാണ് ബാബ കരുതുന്നതു്.

കുട്ടിയെ ബാലൻ എന്നും പറയാറുണ്ടു്. ബാല എന്നതിനു ബലമുള്ളവൻ എന്നാണർത്ഥം. കുട്ടികൾ ബലവാന്മാരായിരിക്കണം; ധൈര്യമുള്ളവരായിരിക്കണം. ധൈര്യസമേതം സങ്കടത്തെ തരണം ചെയ്യുന്നവരാണ് ബാലകന്മാർ. ബാബ നിനക്ക് രാത്രി കൂരിരുട്ടിൽ ഒററയ്ക്ക് 5 മൈൽദൂരെ പോകാൻ കഴിയുമോ എന്നു് ഒരു കുട്ടിയോടു ചോദിച്ചു. "വയ്യ" എന്നു മറുപടി പറഞ്ഞു. ഇരുട്ടിനെയാണു് പേടിയെങ്കിൽ വിളക്കു തരാം. പക്ഷേ കുട്ടി ഒരാൾകൂടി വേണമെന്നാവശ്യപ്പെട്ടു. ഭൂതത്തിനെ പേടിയുണ്ടോ എന്നായിരുന്നു ബാബയുടെ അടുത്ത ചോദ്യം. ഇ
ല്ലന്നു ആ കുട്ടി മറുപടി നൽകി.
പ്പോഴം ഒരാൾകൂടി കൂടെ വേണ
പറഞ്ഞു. "നിനക്കു നടക്കാൻ
ൻ പേരേ? എന്തിനാണു് 4
ണ്ടുപേർ)?" "നാലുകാലല്ല രണ്ടു തലയാണാവശ്യ"മെന്നു ഉടനേ കുട്ടി മറുപടി പറഞ്ഞു. ഇതു കേട്ടു് എല്ലാവരും പൊട്ടിച്ചിരിച്ചു. ബാബ ഉടനെ പെൺകുട്ടികളുടെ നേക്കു് അതേ ചോദ്യമയച്ചു. അവരും രണ്ടു പെൺകുട്ടികൾ ചേർന്നു പോകാമെന്നു പറഞ്ഞു.

സ്ത്രീകൾക്കു് ആഭരണം കളവു പോകുമെന്ന ഭയമുണ്ടാകും. അവർ സൌന്ദര്യത്തിനുവേണ്ടിയാണു് ആഭരണങ്ങൾ ധരിക്കുന്നതു്. നല്ല ശരീരം, നല്ല ആരോഗ്യം, സൽസ്വഭാവം ഇവയുണ്ടെങ്കിൽ തന്നെ സൌന്ദര്യമായി. പിന്നെ ആഭരണമെന്തിനു്? ഇന്നു നമ്മുടെ നാട്ടിൽ സ്ത്രീകൾ അടിമകളാണു്. സ്ത്രീകളേയും കുട്ടികളേയും രക്ഷിക്കേണ്ട ഭാരം പുരുഷന്മാർക്കാണെന്ന ഭാവമാണു് നമുക്കുള്ളതു്. സിംഹക്കുട്ടിയെ തള്ളസിംഹമാണു് രക്ഷിക്കുന്നതെന്നു നാം ഓക്കാറില്ല. ആഭരണങ്ങൾ അണിയുവാൻ സ്ത്രീകൾ കാതും മൂക്കും തുളയ്ക്കുന്നു. മുത്തിനു തുളയുണ്ടാവില്ല. അതും തുളച്ചു് സ്വർണ്ണക്കമ്പി കോർത്തു കാതിലും മൂക്കിലും തൂക്കുന്നു! എന്നാൽ അതിനുപകരം ഇരുമ്പുകൊണ്ടുള്ള കറുത്ത ആഭരണങ്ങൾ എന്തുകൊണ്ടു് ധരിക്കുന്നില്ല? ഇന്നു സ്ത്രീകളെ ഒരു തൊഴിലും പഠിപ്പിക്കുന്നില്ല. മുമ്പു് സ്ത്രീകൾ തുന്നലും നെയ്ത്തും മററും ചെയ്തിരുന്നു. ഇന്നു് അതെല്ലാം പുരുഷന്മാർ അപഹരിച്ചുകളഞ്ഞു. സ്ത്രീകൾക്കു് നൂൽക്കുക പോളീഷിടുക, ചായം മുക്കുക, മുണ്ടിൽ അച്ചടിവേലകൾ നടത്തുക, എന്നിവയെല്ലാം എളുപ്പത്തിൽ ചെയ്യാം. ഇംഗ്ലീഷിൽ Husband എന്നാൽ കൃഷിക്കാരൻ എന്നും Wife എന്നാൽ നെയ്ത്തുകാരിയെന്നുമാണു് അർത്ഥം. ഇന്നു് സ്ത്രീകളുടെ നെയ്ത്തു് പുരുഷന്മാർ അപഹരിക്കയാൽ സ്ത്രീകൾക്കു ജോലിയില്ലാതായിരിക്കുന്നു.

---

*vilege rather than a duty.* The Philippians did not look upon what they sent to Paul through Epaphroditus as something like the payment of taxes. It was a sweet-smelling gift, a gift given because the giver enjoys sharing what he has with those that have need. A great deal of our giving today is a matter of duty, on some legalistic principle of tithing or regular giving. Dr. Quay, Vice-President of the Seminary says that the greatest thing that you can do for someone next to leading him to Christ, is to help him to use his money for a good purpose. It is said of John Wesley that whenever he did a favour to someone, he raised his hat to that person. It was a privilege for him to be able to serve others. Until this attitude toward wealth comes into us, we do not really become initiated into the secret of facing plenty. When we come to the place where it is a continual joy to share all that we have with those who have need, we come to the very heart of that secret.

(to be continued)

## ഓർത്തഡോക്സ് വൈദികസിമ്മനാരി

കോട്ടയം ഓർത്തഡോക്സ് വൈദികസിമ്മനാരി ജൂലൈ 2–ാംനു തുറന്നു പഠനമാരംഭിച്ചിരിക്കുന്നു. മലങ്കരസഭയ്ക്കു നല്ല വൈദികരെ സംഭാവന ചെയ്തുകൊണ്ടിരിക്കുന്ന ഈ സിമ്മനാരിയുടെ പ്രവർത്തനം കഴിഞ്ഞ എഴുനൂറും വർഷങ്ങളായി ശ്ലാഘനീയമായിട്ടാണു നടന്നുവരുന്നതു്. ഈ വർഷം 9 വിദ്യാർത്ഥികളെ പുതുതായി എടുത്തു. ആകെ സിമ്മനാരിയിൽ ഇപ്പോൾ 35 വിദ്യാർത്ഥികളാണുള്ളതു്. വൈദികസിമ്മനാരിദിനത്തിലെ കാണിക്ക, വ്യക്തികളിൽനിന്നും ഇടവകകളിൽ നിന്നുമുള്ള സംഭാവനകൾ, കാതോലിക്കാദിനപ്പിരിവിൻെറ വിഹിതം മുതലായവയാണു് സിമ്മനാരിയുടെ വരുമാനമാർഗ്ഗങ്ങൾ. ഓരോ വർഷവും നീക്കിയിരിപ്പില്ലാതെ സിമ്മനാരിപ്രവർത്തനം ആരംഭിക്കുന്നു. കാര്യക്ഷമമായ ശിക്ഷണവും പഠനവും തുടർന്നുകൊണ്ടിരിക്കുമ്പോൾ പണം സംഭാവനയായി ലഭിക്കുന്നു. ഒടുവിൽ സിമ്മനാരിക്കു് ഒരു ചെറിയ തുകയെങ്കിലും മിച്ചംവരികയും ചെയ്യുന്നു. മലങ്കരസഭയിലെ നല്ല പ്രവർത്തനങ്ങൾക്കു പണംകൊടുക്കുന്ന കാര്യത്തിൽ സഭാംഗങ്ങൾ വളരെയൊന്നും പിന്നിലല്ലെന്നാണു സ്ളീബാദാസ സമൂഹത്തിൻെറയും വൈദികസിമ്മനാരിയുടെയും മററും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നതു്. കഴിഞ്ഞവർഷത്തെക്കാൾ കൂടുതലായ സംഭാവനകൾ വൈദികസിമ്മനാരിക്കു് ആവശ്യമുണ്ടു്, അർഹിക്കുന്നുമുണ്ടു്.

—o—

## സ്വന്തം കാര്യം

ചർച്ചുവീക്കിലിയുടെ ചീഫ് എഡിററർ ശ്രീ. എൻ. എം. എബ്രഹാം വേദശാസ്ത്രപഠനപര്യടനങ്ങൾ കഴിഞ്ഞു തിരിച്ചെത്തിയിരിക്കുന്നു. അദ്ദേഹത്തിൻെറ അഭാവത്തിൽ ചർച്ചുവീക്കിലിയുടെ എഡിററിംഗ് പ്രശസ്തമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു് പ്രധാനമായും ശ്രീ. എം. തൊമ്മനായിരുന്നു.

വരിസംഖ്യയും ചർച്ചുവീക്കിലിയിൽ ചേർക്കുന്നതിനുള്ള ലേഖനങ്ങളും, എഴുത്തുകുത്തുകളും മററുംഇനിയും എഡിററർ, ചർച്ചുവീക്കിലി കോട്ടയം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണു്. മാനേജർ.

M. RegNo 5268. Licence No 498:

# ...ർച്ചുവീക്കിലി

...
in ... abundance
... upon the Phili-
...
... supply every need
... ng to his riches in
... Christ Jesus. To our Lord
... ther be glory for ever and
... ever."

1. The first element of our attitude towards plenty is the recognition that it comes from God, and the returning of thanks to God for his gift. This was the warning that Moses gave to his people. "Beware lest you say in your heart, 'My power and the might of my hand have gotten me this wealth'. You shall remember the LORD your God, for it is he who gives you power to get wealth."

To give thanks to God for the wealth that He has given us is a hard task. It is not merely to say in our public prayers or at Grace at meals that God has blessed us while he has left the rest of the world unfortunate. That reminds one of the Pharisee who prayed. "Lord, I thank thee that I am not like other men extortioners, unjust, adulterers, or even like this tax collector."

To be merely aware that we are better off than the rest of the world does not truly denote any acknowledgement that the source of it all is God. A real understanding that it is God's gift should immediately lead to the conviction that it is meant to be shared with those who are in need. This was the nature of the Philippian understanding of God's gift, for time and again they shared their abundance with Paul who was very much in need. This is why Paul now rejoices in the fact that their care for him has blossomed afresh. This is why what they sent by Epaphroditus was a fragrant offering and an acceptable sacrifice.

2. This then is the second element in our attitude toward plenty. It is not enough merely to acknowledge by word of mouth that it is from God. Such an awareness has to be constantly put to test in its practical application—namely sharing with others. This was why the prophet Amos chastised the ...us women of Israel in such ...terms. The kine of Bashan lay upon beds of ivory, ate the lambs out of the flock and drank wine in bowls and anointed themselves with the finest oils, but were not grieved for the affliction of Joseph. They offered to God their burnt offerings and their meal-offerings, and at the same time trampled upon the needy, and exploited the poor. In other words they gave tithes and generous gifts to the church, and then thought that that freed them from any further responsibility to fellow-man, and ate and drank and revelled freely. The Philippians had once and again contributed to the need of Paul. "And you Philippians yourselves know that in the beginning of the gospel when I left Macedonia, no church entered into partnership with me in giving and receiving except you only, for even in Thessolonica you sent me help once and again." They could have said that they had done their duty towards Paul. They could have left it to other churches to support him. But once again their concern has blossomed. Once again they have put their stewardconsciousness to the test.

3. This is the third element in our attitude toward plenty. Not only do we acknowledge God as the giver of plenty, and put this acknowledge to the test by willingly sharing it with others, but in the third place we count *such sharing as a pri-*

(Continued on page 10)


## ട്രാവൻകൂർ ഫോർവേഡ് ബാങ്ക് (ക്ലിപ്തം)

ഹെഡ് ആഫീസ്: കോട്ടയം

| | |
|---|---|
| അധികൃതമൂലധനം | രൂ 50,00,000 |
| വസൂൽമൂലധനം | രൂ 25,00 000 |
| നിക്ഷിപ്തമൂലധനം | രൂ 150,000 |
| കരുതൽധനം | രൂ 7,88,000 |
| പ്രവർത്തനമൂലധനം | രൂ 4,91,12000 |

[31-12-56]

ശരിയായ ഈടിന്മേൽ കുറഞ്ഞ കാലത്തേക്ക വായ്പ ആവശ്യമുള്ളവർ ഞങ്ങളുടെ 47 ശാഖകളിൽ ഏതിനെയെങ്കിലും സമീപിക്കുക.
ബാങ്കിംഗ് സംബന്ധമായ എല്ലാപ്രവൎത്തനങ്ങളും നടത്തിവരുന്നു

Look forward and bank
With Forward Bank.

എം. സി. മാത്യു
മാനേജിംഗ് ഡയറക്ടർ


Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam.